# JOINT FORUM OF KGB UNIONS

(KGBEU-KGBOU-KGBSA-KGBOC-KGBEA-KGBOA-KGBWO-KGBOO)

**KERALA GRAMIN BANK: HEAD OFFICE, KGB TOWERS**

**AK ROAD, MALAPPURAM**

സർക്കുലർ 5/2022 | 26.07.2022

## സമരം സമ്പൂർണ്ണം
## അതുല്യം ഈ പോരാട്ട വീര്യം!!!

അചഞ്ചലമായ ആത്മവിശ്വാസവും അടിപതറാത്ത ചുവടുകളുമായി മുന്നേറിയ നമ്മുടെ തൊഴിൽ കരുത്തിനു മുമ്പിൽ ജൂലൈ 25 സമര ചരിത്രത്താളുകളിലെ സുവർണ്ണ ലിപികളാൽ ആലേഖിതമായി. പരിപൂർണ്ണ നിശ്ചലത സമ്മാനിച്ച സമരത്തിന് മുമ്പിൽ മാനേജ്മെന്റിന്റെ അധികാര ഗർവുകൾ തല കുമ്പിട്ടു നിന്നു. ബാങ്കിന്റെ ഹെഡ് ഓഫീസിന്റെയും റീജിയണൽ ഓഫീസുകളുടെയും മുഴുവൻ ബ്രാഞ്ചുകളുടെയും പ്രവർത്തനം പൂർണമായും സ്തംഭിച്ചു. സ്ഥാപനത്തിന്റെ സുരക്ഷയ്ക്കും സമൂഹത്തോടുള്ള പ്രതിബദ്ധതയുമായി ഒരേ മനസ്സായി മുന്നിട്ടിറങ്ങിയ സമരഭടന്മാർക്ക് ജോയിന്റ് ഫോറത്തിന്റെ ഊഷ്മളമായ അഭിവാദ്യങ്ങൾ. സമരം ഒരു ഘട്ടം കൂടി പിന്നിടുമ്പോൾ ലക്ഷ്യത്തിലേക്കുള്ള ചുവടുകളെ കൂടുതൽ മൂർച്ചയുള്ളതാക്കേണ്ടതുണ്ട്. ഒരു വിലയിരുത്തലിനും ഭാവി സമരപരിപാടികൾക്ക് രൂപം കൊടുക്കുന്നതിനും 28 ന് ജോയിന്റ് ഫോറം യോഗം ചേരുന്നുണ്ട്. പ്രസ്തുത വിവരങ്ങൾ അതാത് സമയത്ത് തന്നെ അറിയിക്കുന്നതാണ്. യുദ്ധം ചെറുമനസ്സുകളുടേതല്ല. പോരാട്ടവീഥിയിൽ നമ്മെ നയിക്കേണ്ടത്, നാം പോരാട്ടത്തിനായി തിരഞ്ഞെടുത്ത വിഷയങ്ങളോടുള്ള ആത്മാർത്ഥതയാണ്. ശക്തരായ എതിരാളിയോട് ഏറ്റുമുട്ടുമ്പോൾ നമ്മുടെ ആവനാഴിയിലെ ആയുധങ്ങൾ തികഞ്ഞ ആത്മവിശ്വാസവും അചഞ്ചലമായ പോരാട്ടവീറുമാണ്. കരുത്തോടെ, കനൽ കത്തും മനസ്സുകളോടെ നമ്മുടെ സ്ഥാപനത്തെ സംരക്ഷിക്കാൻ നമുക്ക് ഒറ്റക്കെട്ടായ് മുന്നേറാം.

സമരാഭിവാദ്യങ്ങളോടെ,

| | |
|---|---|
| ജനറൽ സെക്രട്ടറി<br>**KGBEU OU** | ജനറൽ സെക്രട്ടറി<br>**KGBSA OC** |
| ജനറൽ സെക്രട്ടറി<br>**KGBEA OA** | ജനറൽ സെക്രട്ടറി<br>**KGBWO OO** |